സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാനും ജീവനക്കാരും വിമാനയാത്രയ്ക്ക് ചെലവഴിച്ച തുക.

216 (6667) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ, ഹജ്ജ് കമ്മിറ്റി ജീവനക്കാർ എന്നിവർ വിമാനയാത്രക്ക് ചെലവഴിച്ച തുകയുടെ കണക്കുകൾ ഓരോരുത്തരുടെയും പ്രത്യേകമായി വിശദമാക്കുമോ ;

(ബി) ജീവനക്കാർ വിമാനയാത്രക്ക് പണം ചെലവഴിക്കുന്നതിന് അനുമതിയുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രീ. പി. ടി. എ. റഹീം, എം.എൽ.എ. (ചെയർമാൻ-2009-12, കേന്ദ്ര വിദേശകാര്യ വകുപ്പ് ഡൽഹിയിൽ വിളിച്ചു ചേർത്ത യോഗത്തിൽ പങ്കെടുത്ത വകയിൽ) 13,089 രൂപ, ശ്രീ. അബുബക്കർ ചെങ്ങാട്ട് (അസിസ്റ്റന്റ് സെക്രട്ടറി - 2010 സെപ്റ്റംബർ 2012 ഫെബ്രുവരി, മുംബൈ ഹജ്ജ് കമ്മിറ്റി ഓഫീസിൽ യോഗത്തിൽ പങ്കെടുത്ത വകയിൽ) 9,200 രൂപ, ശ്രീ. എം. സി. മോഹൻദാസ്, ഐ.എ.എസ്. (ജില്ലാകളക്ടർ & എക്സിക്യൂട്ടീവ് ഓഫീസർ, മുംബൈ ഹജ്ജ് കമ്മിറ്റി ഓഫീസിൽ യോഗത്തിൽ പങ്കെടുത്ത വകയിൽ) 9,200 രൂപ, ശ്രീ. കോട്ടുമല ബാപ്പു മുസ്ലിയാർ (ചെയർമാൻ-2012, 2013, 2014 വർഷങ്ങളിൽ കേന്ദ്ര വിദേശകാര്യവകുപ്പ് ഡൽഹിയിൽ വിളിച്ചുചേർത്ത ഹജ്ജ് കമ്മിറ്റി ചെയർമാൻമാരുടെ യോഗത്തിൽ മൂന്ന് തവണ പങ്കെടുത്ത വകയിൽ) 66,034 രൂപ, ശ്രീ. ഇ.സി. മുഹമ്മദ് (അസി. സെക്രട്ടറി, 2012 മുതൽ കേന്ദ്ര വിദേശകാര്യവകുപ്പ് ഡൽഹിയിൽ വിളിച്ചുചേർത്ത എക്സിക്യൂട്ടീവ് ഓഫീസർമാരുടെ യോഗത്തിലും, സുപ്രീംകോടതിയിൽ നിലവിലുള്ള കേസുമായി ബന്ധപ്പെട്ടും കേന്ദ്ര ഹജ്ജ് കമ്മിറ്റി മുംബൈയിൽ വിളിച്ചുചേർക്കുന്ന വിവിധ യോഗങ്ങളിൽ പങ്കെടുത്ത വകയിലും) 1,73,145 രൂപ, ശ്രീ. മുജീബ് റഹ്മാൻ. പി (കോ-ഓർഡിനേറ്റർ 74,600 രൂപ) ശ്രീ. ജാസിർ അഹ്സൽ (ക്ലർക്ക്) 23,700 രൂപ.

(ബി) ഹജ്ജ് കമ്മിറ്റിയുടെ അനുമതിയോടെയാണ് ഹജ്ജ് കമ്മിറ്റി ജീവനക്കാർ വിമാനയാത്ര നടത്തിയത്. ഹജ്ജ് കോ-ഓർഡിനേറ്റർക്ക് വിമാനയാത്രയ്ക്ക് 2009-ൽ ഗവൺമെന്റ് അനുമതി നൽകിയിരുന്നു. സമയബന്ധിതമായി പാസ്സ്പോർട്ടുൾപ്പെടെയുള്ള സുപ്രധാന രേഖകൾ സമർപ്പിക്കുന്നതിനും സുപ്രധാന യോഗങ്ങളിൽ പങ്കെടുക്കുന്നതിനും കോ-ഓർഡിനേറ്റർക്ക് വിമാനയാത്രയ്ക്ക് ഹജ്ജ് കമ്മിറ്റിയും അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly